# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 114**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ദൗത്യവുമായി വിശുദ്ധ തോമാ ശ്ലീഹാ ഭാരതത്തിൽ എത്തിയതിനെയോർത്ത് സ്തോത്രം ചെയ്യുന്നതിനും സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനുമായി എല്ലാ വർഷവും ഡിസംബർ 21 –ാം തീയതി നാം സഭാ ദിനമായി ആചരിച്ചുവരുന്നു. നമ്മുടെ എല്ലാ ഇടവകകളിലും ആ ദിവസം വിശുദ്ധ കുർബാന ശുശ്രൂഷയും പ്രത്യേക ധ്യാനവും നടത്തണം. ഇടവകകൾ തനിയെയോ അടുത്തുള്ള ഇടവകകൾ ചേർന്നോ ആരാധന ക്രമീകരിക്കാവുന്നതാണ്.

എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് കർത്താവിന്റെ മുമ്പിൽ വിശ്വാസം ഏറ്റുപറഞ്ഞ വിശുദ്ധ തോമസ് അപ്പൊസ്തലനെപ്പോലെ കർത്താവിൽ വിശ്വസിക്കുന്നതിനും ദൗത്യ നിർവഹണത്തിൽ ആത്മാർത്ഥമായി പങ്കുചേരുന്നതിനും ആഴമായ സമർപ്പണത്തോടെ പ്രവർത്തിക്കുന്നതിനും ദൈവം നമ്മെ സഹായിക്കട്ടെ.

സഭാംഗങ്ങളുടെ അചഞ്ചലമായ വിശ്വാസത്തിലും പ്രാർത്ഥനയിലുമാണ് സഭ നിലനില്ക്കുന്നത്. ആ പൈതൃകം കാത്തു സൂക്ഷിച്ചുകൊണ്ട് സഭയുടെ പുതുക്കത്തിനും നവീകരണത്തിനും ഉണർവിനും ദൈവജനത്തിന്റെ വിശ്വാസത്തോടെയുള്ള പ്രാർത്ഥന ഏറ്റവും ആവശ്യമാണ്. സഭയിൽ പുതുതായി മൂന്ന് എപ്പിസ്കോപ്പാമാരെ അഭിഷേകം ചെയ്യുന്നതിന് സാധിച്ചു. എല്ലാറ്റിലും വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു. സഭയുടെ ദൗത്യനിർവ്വഹണത്തിൽ ധാരാളമായ ദൈവകൃപ ലഭിക്കുന്നതിനായി തുടർന്നും പ്രാർത്ഥിക്കാം.

സഭാ ദിനത്തിൽ ആരാധനാമദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച സഭയുടെ സെന്റ് തോമസ് എപ്പിസ്കോപ്പൽ ഫണ്ടിലേക്ക് വേർതിരിച്ചിട്ടുള്ളതിനാൽ ആയത് താമസംവിനാ സഭാ ഓഫീസിലേക്ക് അയയ്ക്കണം.

ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കാലിക പ്രസക്തിയും നവീകരണ ദർശനവും ഉൾക്കൊണ്ട് ദൗത്യമേഖലകളിൽ നവ്യമായ ഉണർവോടും ഉത്തമകാര്യവിചാരകത്വത്തോടും പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ഡിസംബർ 5–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 114**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

Every year, we observe 21st December as the ‘Sabha Dinam’ to give thanks for Saint Thomas the Apostle in India, who arrived in India with the mission of our Lord and Saviour Jesus Christ, and to pray for the Church. A Holy Qurbana service should be arranged in all our parishes on that day, along with special meditations. Parishes may organize worship services on their own or with neighbouring parishes.

May God help us to have faith in Him, to participate wholeheartedly in mission, and to work with deep dedication, as did St. Thomas the Apostle, who confessed his faith before the Lord, saying “My Lord and My God.”

The Church thrives on the steadfast faith and prayers of its members. Preserving this heritage, the faithful prayer of God’s people is most necessary for the renewal, reformation, and reawakening of the Church. Three Episcopas of the Church were newly consecrated. We glorify and give thanks and praise to God for His grace that was experienced throughout. Let us continue to pray for God’s abundant grace in the ministry of the Church.

The offertory that is received during the worship service on the Sabha Dinam is allocated to the St. Thomas Episcopal Fund of the Church and should be sent to the Sabha Office without delay.

May the Holy Spirit strengthen us to work with renewed awareness and effective stewardship in the mission of the Church—the body of Christ—upholding its contemporary relevance and vision of reformation.

Grace be with you all.

Dated 5th December 2023, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**